# മുഖവുര

ഖുർആൻ പാരായണം ആരംഭിക്കുന്നതിനു മുമ്പായി ഒരു സാമാന്യ വായനക്കാരൻ ചില കാര്യങ്ങൾ ഗ്രഹിച്ചിരിക്കേണ്ടതാവശ്യമാണ്. അല്ലാത്ത പക്ഷം പാരായണമധ്യേ പ്രശ്നങ്ങൾ ഇടയ്ക്കിടെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കുമെന്ന് മാത്രമല്ല പലപ്പോഴും അത് മനസ്സിലാക്കാത്തതുകൊണ്ട് മാത്രം ഖുർആനിക ജ്ഞാനത്തിൻെറ ആഴങ്ങളിലിറങ്ങാൻ വഴികാണാതെ വർഷങ്ങളോളം ഉപരിതലത്തിൽ കറങ്ങിക്കൊണ്ടിരിക്കുകയും ചെയ്യും.

## നിസ്തുല ഗ്രന്ഥം

ഖുർആനെ ക്കുറിച്ച് അപരിചിതനായ ഒരാൾ ആദ്യമായത് വായിക്കാനുദ്യമിക്കുമ്പോൾ, ഒരു ഗ്രന്ഥ മെന്നനിലയിൽ സാധാരണ ഗ്രന്ഥങ്ങളുടെ സമ്പ്രദായം തന്നെ അതിലും സ്വീകരി ച്ചിരിക്കുമെന്നാണ് സ്വാഭാവികമായും പ്രതീക്ഷിക്കുക. അതായത് ആദ്യമായി പ്രതിപാദ്യം എന്തെന്ന് നിർണയിച്ചിരിക്കും, തുടർന്ന് മുഖ്യ വിഷയം വിവിധ അധ്യായങ്ങളും ഉപശീർ ഷകങ്ങളുമായി വിഭജിച്ച് യഥാക്രമം ഓരോ പ്രശ്നവും ചർച്ച ചെയ്തിരിക്കും; അതേ പോലെ ബഹുമുഖമായ ജീവിതത്തിൻെറ ഓരോ വകുപ്പും ഓരോ മേഖലയും വേറിട്ടെ ടുത്ത് തൽസംബന്ധമായ നിയമ നിർദേശങ്ങളെല്ലാം ക്രമത്തിൽ പ്രതിപാദിച്ചിരിക്കും - ഇതൊക്കെയാവും അയാളുടെ പ്രതീക്ഷ. പക്ഷേ, വായിച്ചു തുടങ്ങുമ്പോൾ ഇതിനെല്ലാം തീരെ വിപരീതമായി, തനിക്കിതുവരെ അന്യവും അപരിചിതവുമായ മറ്റൊരു പ്രതിപാദനരീതിയാണ് ഖുർആനിൽ അയാൾ കണ്ടുമുട്ടുന്നത്. ഇവിടെ വിശ്വാസപരമായ പ്രശ്നങ്ങൾ, ധാർമിക-സദാചാര നിർദേശങ്ങൾ, മതപരമായ നിയമവിധികൾ, ആദർശ പ്രബോധനം, സദുപദേശങ്ങൾ, ഗുണപാഠങ്ങൾ ആക്ഷേപ-വിമർശനങ്ങൾ, താക്കീത്, ശുഭവൃത്താന്തം, സാന്ത്വനം, തെളിവുകൾ, സാക്ഷ്യങ്ങൾ, ചരിത്രകഥകൾ, പ്രാപഞ്ചിക ദൃഷ്ടാന്തളിലേക്ക് സൂചനകൾ എന്നിവയെല്ലാം ഇടവിട്ട്, മാറിമാറി വരുന്നു. ഒരേ വിഷയം ഭിന്നരീതികളിൽ, വ്യത്യസ്ത വാക്കുകളിൽ ആവർത്തിക്കപ്പെടുന്നു. വിഷയങ്ങൾ ഒന്നിനു ശേഷം മറ്റൊന്നും തുടർന്ന് മൂന്നാമതൊന്നും പൊടുന്നനെയാണ് ആരംഭി ക്കുന്നത്. എന്നല്ല, ഒരു വിഷയത്തിനു മധ്യത്തിലൂടെ, പെട്ടെന്ന് മറ്റൊരു വിഷയം കട ന്നുവരുന്നു; സംബോധകനും സംബോധിതരും ഇടയ്ക്കിടെ മാറിക്കൊണ്ടിരിക്കുകയും സംഭാഷണമുഖം ഭിന്നഭാഗങ്ങളിലേക്കു തിരിക്കുകയും ചെയ്യുന്നു; വിഷയാധിഷ്ഠിതമാ യുള്ള അധ്യായങ്ങളുടെയും ശീർഷകങ്ങളുടെയും ഒരടയാളംപോലും ഒരിടത്തും കാൺമാനില്ല. തനിക്ക് ചിരപരിചിതമായ "ഗ്രന്ഥ"സങ്കല്പത്തിനു വിപരീതമായി ഇതെല്ലാം കാണുമ്പോൾ അനുവാചകൻ അമ്പരന്നുപോകുന്നു, ക്രമാനുസൃതം ക്രോഡീകരിക്കപ്പെടാത്ത ശിഥില ശകലങ്ങളുടെ സമാഹാരമാണിതെന്നും, ചെറുതും വലുതുമായി ഒട്ടനേകം ഭിന്ന വിഷയങ്ങളടങ്ങിയ ഈ കൃതി ആദ്യാവസാനം അന്യോന്യ ബന്ധമില്ലാത്ത വാചകങ്ങൾ തുടരെ എഴുതപ്പെട്ടത് മാത്രമാണെന്നും അയാൾ ധരിച്ചുവശാകുന്നു. പ്രതികൂല വീക്ഷണകോണിൽ നിന്ന് നോക്കുന്നവർ ഇതേ അടിത്തറയിൽ പല വിമർശനങ്ങളും സംശയങ്ങളും കെട്ടിപ്പൊക്കുന്നു. അനുകൂല വീക്ഷ ണഗതിക്കാരാവട്ടെ അർഥവും ആശയപ്പൊരുത്തവും അവഗണിച്ചുകൊണ്ട് സംശയ നിവൃത്തിക്ക് കുറുക്കുവഴികളാരായുന്നു. പ്രത്യക്ഷത്തിൽ കാണുന്ന "ക്രമരാഹിത്യ"ത്തിനു വളഞ്ഞ വ്യാഖ്യാനങ്ങൾ നൽകി സ്വയം സംതൃപ്തിയടയുന്നു, ചിലപ്പോളവർ. വേറെ ചില പ്പോൾ കൃത്രിമ മാർഗേണ വാക്യങ്ങൾക്ക് പരസ്പരബന്ധം കണ്ടുപിടിച്ച് വിചിത്ര നിഗ മനങ്ങളിലെത്തിച്ചേരുന്നു. ചിലപ്പോൾ "ശിഥിലത" ഒരു സിദ്ധാന്തമായിതന്നെ അവർ സ്വീക രിക്കുകയും ചെയ്യുന്നു. ഫലമോ? ഓരോ സൂക്തവും അതിനുമുമ്പും പിമ്പുമുള്ള സൂക്തങ്ങളുമായി ബന്ധമറ്റ് രചയിതാവിൻെറ ഉദ്ദേശ്യത്തിനു വിപരീതമായി അർഥ കൽപനക്കിരയായി ഭവിക്കുന്നു.

## ചില പ്രാഥമിക യാഥാർഥ്യങ്ങൾ

ഒരു ഗ്രന്ഥം നല്ലപോലെ ഗ്രഹിക്കാൻ അതിൻെറ പ്രമേയവും പ്രതിപാദ്യവും ഉദ്ദേശ്യ -ലക്ഷ്യങ്ങളും വായനക്കാരൻ അറിഞ്ഞിരിക്കേണ്ടതാവശ്യമാണ്. ആ ഗ്രന്ഥത്തിൻെറ പ്രതിപാദനരീതി, സാങ്കേതിക ഭാഷ, സവിശേഷമായ ആവിഷ്കാരശൈലി എന്നിവയെ ക്കുറിച്ചും അയാൾക്കറിവുണ്ടായിരിക്കണം. പ്രത്യക്ഷ വാക്യങ്ങൾക്കു പിന്നിലായി, അതിലെ പ്രതിപാദനങ്ങൾ ബന്ധപ്പെട്ടിരിക്കുന്ന സംഭവങ്ങളും സാഹചര്യങ്ങളും അയാളുടെ ദൃഷ്ടിയിലിരിക്കുകയും വേണം. സാധാരണ നാം വായിച്ചുവരാറുള്ള ഗ്രന്ഥങ്ങളിൽ ഈ വസ്തുതകളെല്ലാം അയത്ന ലഭ്യമായതുകൊണ്ട് പ്രതിപാദ്യ വിഷയത്തിൻെറ ആഴത്തിലി റങ്ങിച്ചെല്ലാൻ നമുക്ക് വിശേഷിച്ചൊരു വിഷമവും നേരിടാറില്ല. എന്നാൽ, ഇതര കൃതി കളിൽ കണ്ടുപരിചയിച്ച വിധത്തിൽ ഇവയൊന്നും വിശുദ്ധ ഖുർആനിൽ അനായാസം കണ്ടെത്തുന്നില്ല എന്നതാണ് പരമാർഥം. ആകയാൽ, ഒരു ശരാശരി വായനക്കാരൻെറ മനസ്സുമായി ഖുർആൻ പാരായണം ആരംഭിക്കുന്ന ഒരാൾക്ക് ആ ഗ്രന്ഥത്തിൻെറ പ്രമേയവും പ്രതിപാദ്യവും ഉദ്ദേശ്യ-ലക്ഷ്യങ്ങളും കണ്ടെത്താൻ കഴിയുന്നില്ല; പ്രതിപാദന രീതിയും ആവിഷ്കരണ ശൈലിയും ഏറെക്കുറെ അപരിചിതമായി തോന്നുകയും ചെയ്യുന്നു. മിക്ക സ്ഥലങ്ങളിലും വാക്യങ്ങളുടെ പശ്ചാത്തലം അവ്യക്തവുമാണ്. നാനാ സൂക്തങ്ങളിൽ ചിതറിപ്പരന്ന സാര-സത്യങ്ങൾ ഏതാണ്ടൊക്കെ ആസ്വദിക്കുന്നുവെങ്കിലും

ദിവ്യവചനങ്ങളുടെ സാക്ഷാൽ ചൈതന്യം നുകരുന്നതിൽ അനുവാചകൻ പരാചയ പ്പെടുന്നു എന്നതാണിതിൻെറ ഫലം.

എങ്ങനെയുള്ള ഗ്രന്ഥം?

ഏതുതരം ഗ്രന്ഥമാണ് ഖുർആൻ? അതിൻെറ അവതരണവും ക്രോഡീകരണവും എവ്വിധമായിരുന്നു? അതിൻെറ പ്രതിപാദ്യം എന്ത്? എല്ലാ ചർച്ചകളും ഏതു ലക്ഷ്യത്തിലേ ക്കു നയിക്കുന്നു? വൈവിധ്യമാർന്ന അനേകം വിഷയങ്ങൾ ഏതൊരു കേന്ദ്ര വിഷയ വുമായി ബന്ധിച്ചിരിക്കുന്നു? ആശയപ്രകാശനത്തിന് ഏതൊരു ശൈലിയും സമർഥന രീതിയുമാണ് സ്വീകരിച്ചിട്ടുള്ളത്? ഇതുപോലുള്ള ഒട്ടനേകം പ്രധാനചോദ്യങ്ങൾക്ക് തുട ക്കത്തിൽതന്നെ വ്യക്തവും വളച്ചുകെട്ടില്ലാത്തതുമായ മറുപടി ലഭിക്കുന്ന പക്ഷം ഖുർആ ൻെറ വായനക്കാരന് ഒട്ടുവളരെ അപകടങ്ങളിൽനിന്ന് രക്ഷപ്പെടാവുന്നതാണ്. അയാ ളുടെ പഠന-പരിചിന്തനസരണി തുറസ്സായിത്തീരുകയും ചെയ്യും.

ഖുർആൻെറ അടിസ്ഥാനം

ഈ വിഷയകമായി, വായനക്കാരൻ ഏറ്റവും മുമ്പേ ഖുർആൻെറ അന്തസ്സത്ത, അതു സമർപ്പിക്കുന്ന അടിസ്ഥാന ആദർശം അറിഞ്ഞിരിക്കേണ്ടതാവശ്യമാണ്. ഈ ഗ്രന്ഥം മനസ്സിലാക്കാൻ പ്രാരംഭബിന്ദു എന്നനിലയിൽ ഖുർആനും അതിൻെറ പ്രബോധകനായ പ്രവാചകൻ മുഹമ്മദുനബിയും വിവരിച്ചിരിക്കുന്ന അടിസ്ഥാനംതന്നെ അടിസ്ഥാനമായി സ്വീകരിക്കേണ്ടതാണ്.

1. അഖില പ്രപഞ്ചത്തിൻെറ സ്രഷ്ടാവും, നിയന്താവും, ഉടമസ്ഥനും, വിധികർത്താവു മായ ഏകദൈവം തൻെറ അനന്തവിസ്തൃത സാമ്രാജ്യത്തിൻെറ ഒരു ഭാഗമായ ഭൂത ലത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. അവന് അറിയുവാനും ചിന്തിക്കുവാനും ഗ്രഹിക്കാനു മുള്ള കഴിവുകൾ നല്കി. നന്മ-തിന്മകൾ വിവേചിച്ചറിയാനുള്ള യോഗ്യത നല്കി. ഇഛാ സ്വാതന്ത്ര്യവും വിവേചനസ്വാതന്ത്ര്യവും കൈകാര്യാധികാരങ്ങളും നൽകി. അങ്ങനെ മൊത്തത്തിൽ ഒരുവിധത്തിലുള്ള സ്വയംഭരണം നൽകിക്കൊണ്ട് അവനെ ഭൂമിയിൽ ദൈവ ത്തിൻെറ പ്രതിനിധിയായി നിയോഗിച്ചു.

2- ഈ സമുന്നത പദവിയിൽ മനുഷ്യനെ നിയോഗിക്കുമ്പോൾ ദൈവം ഒരു കാര്യം അവനെ നല്ലപോലെ ധരിപ്പിച്ചിട്ടുണ്ടായിരുന്നു. അതിതാണ്.
നിങ്ങളുടെയും നിങ്ങളുൾക്കൊള്ളുന്ന സമസ്ത ലോകത്തിൻെറയും ഉടമസ്ഥനും ആരാധ്യനും ഭരണാധിപനും ഞാനാകുന്നു. എൻെറ ഈ സാമ്രാജ്യത്തിൽ നിങ്ങൾ സ്വാധികാരികളല്ല; ഞാനല്ലാത്ത ആരുടെയും അടിമകളുമല്ല. നിങ്ങളുടെ ഈ ആരാധന ക്കും അനുസരണത്തിനും അടിമത്തത്തിനും അർഹനായി ഞാൻ മാത്രമേയുള്ളൂ. നിങ്ങ ളെ സ്വാതന്ത്ര്യവും സ്വയം ഭരണാധികാരവും നൽകി നിയോഗിച്ചിരിക്കുന്ന ഈ ഭൂതല ത്തിലെ ജീവിതം നിങ്ങൾക്കൊരു പരീക്ഷണമാണ്. ഇതിനുശേഷം, നിങ്ങളെൻെറ സവിധ ത്തിൽ മടങ്ങിവരേണ്ടതായുണ്ട്. നിങ്ങളുടെ പ്രവർത്തനങ്ങൾ കണിശമായി പരിശോധിച്ച് ആർ പരീക്ഷയിൽ വിജയം വരിച്ചുവെന്നും, ആരെല്ലാം പരാജിതരായെന്നും അപ്പോൾ ഞാൻ വിധികൽപിക്കും. നിങ്ങളെ സംബന്ധിച്ചേടത്തോളം, അതിനാൽ, ശരിയായ കർമനയം ഒന്നു മാത്രമേയുള്ളൂ; എന്നെ നിങ്ങളുടെ ഒരേയൊരു ആരാധ്യനും വിധികർ ത്താവുമായി അംഗീകരിക്കുക; ഞാൻ നൽകുന്ന സന്മാർഗിക നിർദേശമനുസരിച്ചു മാത്രം ഭൂലോകത്ത് പ്രവർത്തിക്കുക; നശ്വരമായ ഐഹികജീവിതം പരീക്ഷണാലയമാണെ ന്നറിഞ്ഞുകൊണ്ട് എൻെറ അന്തിമ തീരുമാനത്തിൽ വിജയികളാവുകയാണ് നിങ്ങളുടെ സാക്ഷാൽ ലക്ഷ്യമെന്ന ബോധത്തോടുകൂടി ജീവിതം നയിക്കുക. ഇതിനു വിപരീതമാ യുള്ള ഏതൊരു ജീവിതനയവും നിങ്ങളെ സംബന്ധിച്ചേടത്തോളം അബദ്ധം മാത്രമാണ്.

3- ഈ വസ്തുതകളെല്ലാം വേണ്ടപോലെ ബോധ്യപ്പെടുത്തിക്കൊണ്ടാണ്, പ്രപഞ്ചാധിപൻ മനുഷ്യവർഗത്തിന്ന് ഭൂമിയിൽ സ്ഥാനം നൽകിയത്. യാഥാർഥ്യത്തെക്കുറിച്ച് തികച്ചും ബോധവാന്മാരായിരുന്നു അവർ. അവരുടെ ജീവിത നിയമം അവർക്ക് അറിയിച്ചുകൊടു ത്തിരുന്നു. ദൈവികാനുസരണം (ഇസ്‌ലാം) ആയിരുന്നു അവരുടെ ജീവിത മാർഗം. എന്നാൽ പിന്നീടുള്ള നൂറ്റാ ണ്ടുകളിൽ മനുഷ്യർ ഈ ശരിയായ ജീവിതപന്ഥാവിൽനിന്ന് വ്യതിചലിച്ച് നാനാ വിധ മായ അബദ്ധനയങ്ങൾ അവലംബിക്കുകയാണുണ്ടായത്. അവർ അശ്രദ്ധയാൽ അതിനെ വിനഷ്ടമാക്കുകയും, അന്യായമായി അതിനെ അലങ്കോലപ്പെടുത്തുകയും ചെയ്തു. അവർ ഏകനായ ദൈവത്തിന് പങ്കാളികളെ കൽപിച്ചു; മനുഷ്യരും മനുഷ്യേതരരുമായ, ഭൗതികവും ഭാവനാപരവുമായ, ആകാശ-ഭൂമികളിലെ അനേകമനേകം അസ്തിത്വ ങ്ങളിൽ അവർ ദിവ്യത്വം ആരോപിച്ചു.

4- ദൈവം മനുഷ്യന് പരിമിതമായ സ്വാധികാരം നൽകിയിരുന്നതിൻെറ വെളിച്ചത്തിൽ, ഈ വഴിതെറ്റിയ മനുഷ്യരെ തൻെറ പ്രകൃത്യതീതമായ ഇടപെടൽ മൂലം സത്യമാർ ഗത്തിലേക്ക് ബലാൽക്കാരം

തിരിച്ചുകൊണ്ടുവരിക ഉചിതമായിരുന്നില്ല. മനുഷ്യവർഗത്തിന് അവരിലുള്ള വിവിധ ജനസമുദായങ്ങൾക്ക് ഭൂലോകത്ത് പ്രവർത്തിക്കാൻ അവധി നിശ്ചയിച്ചിരുന്നത് പരിഗണിക്കുമ്പോൾ, രാജദ്രോഹം പ്രകടമായ ഉടൻ മനുഷ്യരെ ദൈവം നശിപ്പിച്ചുകളയുക എന്നതും ശരിയായിരുന്നില്ല. ഇതെല്ലാം വെച്ചുകൊണ്ട് മനു ഷ്യാരംഭം മുതൽക്കേ ദൈവം ഏറ്റെടുത്ത ബാധ്യത മനുഷ്യൻെറ സ്വാധികാരം നിലനിർ ത്തിക്കൊണ്ടുതന്നെ ഭൂലോകത്തെ പ്രവർത്തനാവധിയുടെ ഇടവേളയിൽ അവന് ഉചിത മായ മാർഗനിർദേശനത്തിനേർപ്പാട് ചെയ്തുകൊണ്ടിരിക്കുക എന്നതായിരുന്നു. ദൈവം സ്വയം ഏറ്റെടുത്ത ഈ ബാധ്യതയുടെ നിർവഹണത്തിനായി അവനിൽ വിശ്വസിക്കുന്ന വരും അവൻെറ പ്രീതിയെ പിന്തുടർന്നവരുമായ ഉത്തമ മനുഷ്യരെതന്നെ അവൻ ഉപ യോഗപ്പെടുത്തിവന്നു. അവരെ തൻെറ പ്രതിനിധികളായി നിശ്ചയിച്ചു. തൻെറ സന്ദേശ ങ്ങൾ അവർക്കയച്ചുകൊടുത്തു. അവർക്ക് യാഥാർഥ്യ ജ്ഞാനം നൽകി. ശരിയായ ജീവി തനിയമം പഠിപ്പിച്ചുകൊടുത്തു. ഏതൊന്നിൽനിന്ന് മാനവകുലം വ്യതിചലിച്ചുപോയി രുന്നുവോ അതേ സന്മാർഗത്തിലേക്ക്  വീണ്ടും അവരെ ക്ഷണിക്കുവാൻ ആ മഹാത്മാ ക്കളെ നിയോഗിക്കുകയും ചെയ്തു.

5- പ്രവാചകന്മാർ വിവിവധ രാജ്യങ്ങളിലും ജനസമുദായങ്ങളിലും ആഗതരായി ക്കൊണ്ടിരിക്കുന്നു. അവരുടെ ആഗമനത്തിൻെറ സുവർണ ശൃംഗല സഹസ്രാ ബ്ദങ്ങളോളം തുടർന്നു. അങ്ങനെ ആയിരമായിരം പ്രവാചകന്മാർ നിയോഗിതരായി. അവരുടെയെല്ലാം ദീൻ (മതം) ഒന്നു തന്നെയായിരുന്നു. പ്രഥമ ദിവസംതൊട്ട് മനുഷ്യന്നറി യപ്പെട്ടിരുന്ന ശരിയായ ജീവിത നയംതന്നെ. അവരെല്ലാം ഒരേ സന്മാർഗത്തെ-പ്രരംഭത്തിൽ മനുഷ്യന് നിർദേശിച്ചുകൊടുത്തിരുന്ന ശാശ്വതമായ ധാർമിക-നാഗരിക തത്ത്വങ്ങളെ- പിൻപറ്റിയവരായിരുന്നു. അവരുടെയല്ലാം ദൗത്യവും ഒന്നുതന്നെയായിരു ന്നു. അതെ, സത്യദീനിലേക്കും, സന്മാർഗത്തിലേക്കും സമസൃഷ്ടികളെ  ക്ഷണിക്കുക. ഈ ക്ഷണം സ്വീകരിച്ച് മുന്നോട്ടു വരുന്നവരെ സംഘടിപ്പിക്കുക. അവരെ ദൈവിക നിയമത്തിന് വിധേയരും ലോകത്ത് ദൈവികനിയമത്തിന് വിധേയമായി ഒരു സാമൂഹിക വ്യവസ്ത സ്ഥാപിക്കാൻ ശ്രമിക്കുന്നവരും ദൈവികനിയമത്തിൻെറ ലംഘനത്തെ തടയു വാൻ സദാ സന്നദ്ധരുമായ ഒരു സമുദായമായി വാർത്തെടുക്കുക പ്രവാചകന്മാർ അവരുടെ കാലദേശങ്ങളിൽ ഈ മഹത്തായ ദൗത്യം ഏറ്റവും ഭംഗിയായി നിറവേറ്റിപ്പോ ന്നു.

6. അവസാനമായി, പ്രപഞ്ചാധിപൻ മുഹമ്മദ് നബിയെ പൂർവ്വപ്രവാചകന്മാർ നിർവഹി ച്ചുപോന്നിരുന്ന അതേ ദൗത്യനിർവഹണത്തിന്നായി അറേബ്യയിൽ നിയോഗിച്ചു. തിരുമേ നിയുടെ സംബോധന, പൂർവ്വ പ്രവാചകന്മാരുടെ വഴിപിഴച്ച അനുയായികളോടും മനു ഷ്യവർഗത്തോട് പൊതുവിലുമായിരുന്നു. അവരെയല്ലാം ശരിയായ ജീവിതത്തിലേക്ക് ക്ഷണിക്കുക, അവർക്കെല്ലാം വീണ്ടും ദൈവിക സന്മാർഗനിർദേശം എത്തിച്ചുകൊടു ക്കുക ആ ബോധനവും മാർഗദർശനവും അംഗീകരിക്കുന്നവരെ ഒരു സംഘടിത സമൂ ഹമായി വാർത്തെടുക്കുക ഇതായിരുന്നു അവിടത്തെ ദൗത്യം. ഈ നവസമൂഹം സ്വന്തം ജീവിതവ്യവസ്ഥ ദൈവികസന്മാർഗത്തിൽ കെട്ടിപ്പടുക്കാനും അതെ മാർഗമവലംബിച്ച് ലോകസംസ്കരണത്തിന് പ്രയത്നിക്കുവാനും ബാധ്യസ്ഥമായിരുന്നു. ഈ പ്രബോധന ത്തിൻെറയും മാർഗദർശനത്തിൻെറയും ആധാരഗ്രന്ഥമത്രെ മുഹമ്മദ് തിരുമേനിക്ക് അല്ലാഹു അവതരിപ്പിച്ച വിശുദ്ധഖുർആൻ.

പ്രതിപാദ്യവും പ്രമേയവും.

ഖുർആൻെറ പ്രതിപാദ്യം മനുഷ്യനാണ്. യാഥാർഥ്യനിഷ്ഠമായ വിലയിരുത്തലിൽ അവൻെറ ജയപരാജയങ്ങൾ ഏതിൽ സ്ഥിതിചെയ്യുന്നുവെന്ന് അത് വിലയിരുത്തുന്നു.

ശരിയായ നയത്തിലേക്ക് മനുഷ്യനെ ക്ഷണിക്കുകയും താൻ അശ്രദ്ധകൊണ്ട് വിനഷ്ടമാക്കിയതും ധിക്കാരംകൊണ്ട് വികൃതമാക്കിയതുമായ ദൈവിക സന്മാർഗത്തെ വീണ്ടും അവൻെറ മുമ്പിൽ വ്യക്തമായി സമർപ്പിക്കുകയുമാണ് ഖുർആൻെറ ലക്ഷ്യം.

മാലയിൽ കോർത്ത മുത്തുമണികൾ

വിശുദ്ധഖുർആൻ ഒരിടത്തും അതിൻെറ പ്രതിപാദ്യത്തിൽനിന്നും കേന്ദ്രവിഷയ ത്തിൽനിന്നും പ്രഖ്യാപിത ലക്ഷ്യത്തിൽനിന്നും മുടിനാരിഴ വ്യതി ചലിച്ചിട്ടില്ല്; ചെറുതും വലുതുമായ അനേക വർണസുന്ദരമായ രത്നമണികൾ ഒരു മാലച്ചരടിലെന്നപോലെ, അതിലെ ബഹുവിധമായ വിഷയങ്ങളെല്ലാം കേന്ദ്രവിഷയവു മായി ആദ്യാന്തം കോർത്തിണക്കപ്പെട്ടിരിക്കുന്നു. ആകാശ ഭൂമികളുടെ അദ്ഭുത സംവിധാനവും മനുഷ്യൻെറ സൃഷ്ടി വൈശിഷ്ട്യവും ചക്രവാള ചിഹ്നങ്ങളുടെ പഠന പര്യവേക്ഷണവും പൂർവികസമുദായങ്ങളുടെ ചരിത്രസംഭവങ്ങളുമൊക്കെ ഖുർആൻെറ ചർച്ചാവിഷയങ്ങളാണ്. പ്രകൃത്യാതീത പ്രശ്നങ്ങളും അഭൗമികയാഥാർഥ്യങ്ങളും ഒട്ടനേകം മറ്റു കാര്യങ്ങളും പരാമർശിക്കുന്നു. അ തൊന്നും പക്ഷേ, പ്രകൃതിശാസ്ത്രമോ ചരിത്രമോ തത്വശാസ്ത്രമോ മറ്റേതങ്കിലും ശാസ്ത്ര-കലകളോ പഠിപ്പിക്കാൻ വേണ്ടിയല്ല, പിന്നെയോ യാഥാർഥ്യത്തെക്കുറിച്ച് മനു ഷ്യൻെറ തെറ്റിദ്ധാരണകളകറ്റാൻ; യാഥാർഥ്യം

മനുഷ്യമനസ്സിൽ പ്രതിഷ്ഠിക്കാൻ; യാഥാ ർഥ്യ വിരുദ്ധ നയത്തിൻെറ അബദ്ധവും അനർഥവും തെളിച്ചുകാട്ടാൻ, യാഥാർഥ്യത്തി ലധിഷ്ഠിതവും സദ്പരിണാമ പ്രദായകവുമായ നയത്തിലെക്ക് മനുഷ്യനെ ക്ഷണിക്കാൻ, ഓരോ കാര്യവും ഇക്കാരണത്താൽ തന്നെ ലക്ഷ്യത്തിന്നാവശ്യമായത്രയും ആവശ്യമായ വിധത്തിലും മാത്രമേ പരാമർശിക്കുന്നുള്ളു.

അവതരണ ഘട്ടങ്ങൾ

എന്നാൽ ഖുർആൻെറ പ്രതിപാദനരീതിയും ക്രോഡീകരണക്രമവും ഒട്ടുവളരെ ഉള്ള ടക്കവും ശരിയാം വണ്ണം ഗ്രഹിക്കണമെങ്കിൽ ഖുർആൻെറ അവതരണസ്വഭാവത്തെ ക്കുറിച്ചും നല്ലപോലെ ഗ്രഹിച്ചിരിക്കേണ്ടതുണ്ട്.

അല്ലാഹു ഒരിക്കൽ മുഹമ്മദ് നബിക്ക് എഴുതി അയച്ചുകൊടുക്കുകയും അത് പ്രസിദ്ധീകരിച്ച് ഒരു സവിശേഷ ജീവിതരീതിയിലേക്ക് ജനങ്ങളെ ക്ഷണിക്കണമെന്നുൽ ബോധിപ്പിക്കുകയും ചെയ്തുവെന്നല്ല, ഒരു ഗ്രന്ഥമെന്ന നിലയിൽ, ഖുർആൻെറ സ്വഭാ വം, പ്രതിപാദ്യവും ഉള്ളടക്കങ്ങളും ഗ്രന്ഥരചനാ സമ്പ്രദായത്തിൽ ക്രോഡീകരിച്ചുമല്ല, അവതരിച്ചിട്ടുള്ളത്. അതിനാൽ ഇതര കൃതികളുടേതായ ക്രമവും ക്രോഡീകരണവും ഇവിടെ കാണാവതല്ല. യഥാർഥത്തിൽ ഖുർആൻെറ അവതരണം ചുവടെ വിവരിക്കും വിധമാണുണ്ടായത്.

ഒന്നാം ഘട്ടം

അറേബ്യയിലെ മക്കാപട്ടണത്തിൽ ദൈവം തൻെറ ദാസൻ മുഹമ്മദിനെ പ്രവാചകത്വ ദൗത്യത്തിനായി തെരഞ്ഞടുത്തു. പ്രബോധനം ആരംഭിക്കുന്നത് സ്വന്തം പട്ടണത്തിലും ഗോത്ര(ഖുറൈശ്)ത്തിലും തന്നെ വേണമെന്ന് അദ്ദേഹത്തോട് ആജ്ഞാപിക്കുകയും ചെയ്തു. ഈ പ്രവർത്തനത്തിന് പ്രാരംഭമായി വേണ്ടിയിരുന്ന നിർദേശങ്ങൾ മാത്രമേ അപ്പോൾ നൽകപ്പെട്ടുള്ളു. അവ മിക്കവാറും മൂന്ന് വിഷയങ്ങൾ അടങ്ങിയതായിരുന്നു.

1. ഈ മഹത്കൃത്യത്തിന് സ്വയം തയ്യാറെടുക്കേണ്ടതെങ്ങനെയെന്നും പ്രവർത്തനം ഏതു രീതിയിൽ വേണമെന്നും പ്രവാചകനെ പഠിപ്പിക്കുക.
2. യാഥാർത്ഥ്യത്തെക്കുറിച്ച പ്രാരംഭ പരാമർശം; ചുറ്റുമുള്ള ജനങ്ങളിൽ സ്ഥലംപിടി ച്ചിരുന്നതും അവരുടെ അബദ്ധനയത്തിനു പ്രേരകമായി വർത്തിച്ചിരുന്നതുമായ തെറ്റിദ്ധാരണകളുടെ പൊതുവായ ഖണ്ഡനം.
3. ശരിയായ നയത്തിൻെറ പ്രബോധനം; മനുഷ്യൻെറ വിജയ-സൗഭാഗ്യത്തിന് നിദാ നമായ ദൈവികമാർഗദർശനത്തിൻെറ പ്രാഥമിക തത്വങ്ങളേയും മൗലിക ധർമ ങ്ങളേയും കുറിച്ച പ്രതിപാദനം.

പ്രബോധനാരംഭത്തിന് ചേർന്ന വിധം അതീവസുന്ദരമായ ഏതാനും കൊച്ചു കൊച്ചു വചനങ്ങളായിരുന്നു ഈ ആദ്യകാല സന്ദേശങ്ങൾ. അവയുടെ ഭാഷ അത്യന്തം സ്ഫുടവും ശക്തവും സരളവുമായിരുന്നു. അനുവാചകാഭിരുചിക്കനുഗുണമായി, അവ ഏറ്റവും മുന്തിയ കലാഭംഗിയിൽ കടഞ്ഞെടുത്തതായിരുന്നു. ഹൃദയങ്ങളിൽ അവ അമ്പു പോലെ ആഞ്ഞുതറക്കുന്നു. രചനാസൗകുമാര്യത്തിൽ മതിമറന്ന് ചുണ്ടിണകൾ അവ സ്വയം ഉരുവിട്ടുപോകുന്നു. പ്രാദേശികച്ചുവ തുലോം കൂടുതലായിരുന്നു ഈ പ്രാരംഭ വാക്യങ്ങളിൽ. സാർവ്വലൗകിക സത്യങ്ങളാണ് ഉള്ളടക്കമെങ്കിലും തെളിവുകളും സാക്ഷ്യ ങ്ങളും ഉപമകളും അലങ്കാരങ്ങളുമൊക്കെ അനുവാചകവൃന്ദത്തിന് സുപരിചിതമായ സമീപചുറ്റുപാടുകളിൽ നിന്നെടുത്തിട്ടുള്ളതായിരുന്നു. അവരുടെ ചരിത്രപാരമ്പര്യങ്ങളും അനുദിനം അവർക്ക് ദൃശ്യമായിരുന്ന ദൃഷ്ടാന്തങ്ങളും അവരുടെതന്നെ വിശ്വാസപരവും ധാർമികവും സാമൂഹികവുമായ വൈകല്യങ്ങളുമാണവയിൽ പ്രതിപാദിച്ചിരുന്നത്.

രണ്ടാം ഘട്ടം.

രണ്ടാംഘട്ടം എട്ടൊമ്പതു വർഷത്തോളം നടന്നു. മക്കയിൽ മാത്രമല്ല, ഖുറൈശീഗോത്രത്തിൽ മാത്രമല്ല, അറേബ്യയുടെ മിക്കഭാഗങ്ങളിലും പഴഞ്ചൻ യാഥാസ്ഥിതികത്വം നിലനിറുത്താനാഗ്രഹിച്ചിരുന്നവർ ഈ പ്രസ്ഥാനത്തെ ശക്തികൊണ്ട് തകർക്കാൻ തുനിഞ്ഞിറങ്ങി. അതിനെ അടിച്ചമർത്താൻ എല്ലാ അടവുകളും അവർ പ്രയോഗിച്ചു. വ്യാജപ്രചരണങ്ങൾ നടത്തി. ദൂഷ്യാരോപണങ്ങ ളുടെയും ദുഷ്തർക്കങ്ങളുടെയും കെട്ടഴിച്ചുവിട്ടു. ബഹുജനങ്ങളിൽ വിവിധ സംശയ ങ്ങളും ആശയക്കുഴപ്പങ്ങളും സൃഷ്ടിച്ചു. വിവരമില്ലാത്ത ജനങ്ങളെ നബിയുടെ സന്ദേശ ങ്ങൾ ശ്രവിക്കുന്നതൽനിന്ന് തടയാൻ ശ്രമിച്ചു. ഇസ്ലാം ആശ്ളേഷിക്കുന്നവരെ ക്രൂര വും മൃഗീയവുമായ മർദനപീഡനങ്ങൾക്കിരയാക്കി. അവർക്കെതിരെ സാമ്പത്തികോപ രോധവും സാമൂഹിക ബഹിഷ്കരണവും ഏർപ്പെടുത്തി. അവരെ എത്രമേൽ പീഡി

പ്പിച്ചുവെന്നാൽ, അനേകമാളുകൾ സ്വഗേഹങ്ങളുപേക്ഷിച്ച് രണ്ടുവട്ടം അബിസീനിയയി ലേക്ക് പാലായനം ചെയ്യാൻ നിർബന്ധിതരായി. ഒടുവിൽ മൂന്നാം വട്ടം അവർക്കെല്ലാം മദീനയിലേക്ക് പാലായനം ചെയ്യേണ്ടതായും വന്നു. എന്നാൽ ഈ അതിശക്തവും അനുദിനം ശക്തിപ്രാപിച്ചുകൊണ്ടിരുന്നതുമായ എതിർപ്പുകളെല്ലാം ഉണ്ടായിരുന്നിട്ടും പ്രസ്ഥാനം വളരുകയായിരുന്നു,. ഏതെങ്കിലുമൊരാൾ ഇസ്ലാം സ്വീകരിക്കാതെ ഒരു വീടോ, ഒരു ഗോത്രമോ മക്കയിൽ അവശേഷിച്ചില്ല. തങ്ങൾക്ക് ബന്ധപ്പെട്ട പലരും ഇസ്ലാം ആശ്ളേഷിച്ചുകൊണ്ടിരിക്കുന്നു എന്നതായിരുന്നു, ഒട്ടനേകം വിരുദ്ധന്മാരുടെ ശത്രുത ശക്തിപ്പെടാൻ തന്നെ കാരണം. തങ്ങളുടെ സഹോദരീ സഹോദരന്മാരും മക്കളും ജാമാതാക്കളുമായ പലരും ഇസ്ലാമിക പ്രബോധനം അംഗീകരിച്ചു. എന്നു മാത്രമല്ല, പ്രസ്ഥാനത്തിൻെറ സന്നദ്ധഭടന്മാരായിത്തീരുകയും ചെയ്തിരുന്നു. തങ്ങളുടെ രക്തത്തിൻെറയും മാംസത്തിൻെറയും ഭാഗമായ അരുമക്കിടാങ്ങളിതാ, തങ്ങളുടെ നേരെ ത്തന്നെ സമരോൽസുകരായി നിൽക്കുന്നു. മറ്റൊരു പ്രത്യേകതകൂടി: പഴകിയളിഞ്ഞ ജാഹിലിയ്യത്തുമായി ബന്ധം വിടുത്തി വളരുന്ന നൂതന പ്രസ്ഥാനത്തിലേക്കാനയിക്ക പ്പെട്ടുകൊണ്ടിരുന്നവർ ആദ്യമേ സമൂഹത്തിൽ ഏറ്റവും നല്ലവരായി അംഗീകാരം നേടി യവരായിരുന്നു.

തീവ്രവും ദീർഘവുമായ ഈ സംഘട്ടനത്തിനിടയിൽ സന്ദർഭോചിതവും അവശ്യാ നുസൃതവുമായ ഏതാനും ഉജ്ജ്വലപ്രഭാഷണങ്ങൾ അല്ലാഹു പ്രവാചകന് അവതരിപ്പി ച്ചുകൊണ്ടിരുന്നു. നദീജലത്തിൻെറ ഒഴുക്കും കൊടുങ്കാറ്റിൻെറ ഉഗ്രതയും തീജ്വാലകളുടെ ആക്രമണശേഷിയുമുള്ള പ്രൗഢവും ആവേശ നിർഭരവുമായ പ്രഭാഷണങ്ങൾ! ആ വാഗ്ധാരകളിലൂടെ, ഒരു വശത്ത്, വിശ്വാസികൾക്ക് അവരുടെ പ്രാരംഭ ചുമതലകൾ അറിയിച്ചുകൊടുത്തു, അവരിൽ സംഘടനാബോധം വളർത്തി, അവർക്ക് ഭക്തിയുടെയും ധാർമികമേന്മയുടെയും സ്വഭാവപരിശുദ്ധിയുടെയും ശിക്ഷണങ്ങൾ നല്കി, സത്യദീനി ൻെറ ബോധനരീതികൾ വിവരിച്ചുകൊടുത്തു, വിജയത്തിൻെറ വാഗ്ദാനങ്ങളും സ്വർഗ ത്തെക്കുറിച്ച സന്തോഷവാർത്തയും കൊണ്ട് അവരിൽ ആത്മബലം പകർന്നു. ക്ഷമയോ ടും ധൈര്യത്തോടും ഉയർന്ന മനോവീര്യത്തോടും ദൈവമാർഗത്തിൽ കഠിനാധ്വാനം ചെയ്യാൻ അവരെ പ്രേരിപ്പിച്ചു. മറുവശത്ത് അതേ പ്രഭാഷണങ്ങളിൽ, പ്രതിയോഗികളെയും ആലസ്യനിദ്രയിൽ ലയിച്ചിരിക്കുന്ന സന്മാർഗവിമുഖരേയും പൂർവ്വ ജനസമുദായങ്ങളുടെ ദുരന്തകഥകളനു സ്മരിപ്പിച്ചുകൊണ്ട് കഠിനമായി താക്കീത് ചെയ്യുകയുണ്ടായി- ആ പൂർവികചരിത്രമാ വട്ടെ തങ്ങൾക്കറിവുള്ളതായിരുന്നു. തങ്ങൾ നിത്യവും കടന്നുപോകാറുള്ള തകർന്നടിഞ്ഞ നാടുകളുടെ നഷ്ടാവശിഷ്ടങ്ങൾ കണ്ട് പാഠം പഠിക്കുവാൻ അവരെ ശക്തിയായി ഉൽബോധിപ്പിച്ചു. ആകാശഭൂമികളിൽ ദൃശ്യമായിരുന്നതും സ്വജീവിതത്തിൽ സദാ അനുഭ വപ്പെട്ടിരുന്നതുമായ സുവ്യക്തദൃഷ്ടാന്തങ്ങൾ നിരത്തിക്കൊണ്ട് ഏകദൈവത്തിൻെറയും മരണാനന്തര ജീവിതത്തിൻെറയും സാധ്യത സമർത്ഥിക്കപ്പെട്ടു. ബഹുദൈവത്വത്തിൻെറ യും പരലോകനിഷേധത്തിൻെറയും മനുഷ്യൻെറ സ്വാധികാരവാദത്തിൻെറയും അനാശാ സ്യത ആഴത്തിലിറങ്ങിച്ചെല്ലുന്ന പ്രസ്പഷ്ടമായ തെളിവുകൾകൊണ്ട് വ്യക്തമാക്കപ്പെട്ടു. അതോടൊപ്പം എതിരാളികളുടെ ഓരോ സംശയവും ദൂരീകരിക്കുകയും ഓരോ ആക്ഷേ പത്തിന്നും വ്യക്തമായ മറുപടി നൽകുകയും ചെയ്തു. തങ്ങൾ സ്വയം കുടുങ്ങിയി രുന്നതോ അന്യരെ കുടുക്കാനുപയോഗിച്ചിരുന്നതോ ആയ ഓരോ കുരുക്കും അങ്ങനെ സമർത്ഥമായി അഴിച്ചുമാറ്റപ്പെട്ടു.

ഈ ഘട്ടം, പല ഉപഘട്ടങ്ങളടങ്ങിയതായിരുന്നു. അതിലോരോ ഘട്ടത്തിലും പ്രബോ ധനം കൂടുതൽ വ്യാപകമായിക്കൊണ്ടിരുന്നു. പ്രവർത്തനവും ഒപ്പം പ്രതിരോധവും ശക്തിയാർജിച്ചുവന്നു. വിശ്വാസാദർശങ്ങളിലും കർമരീതികളിലും വ്യത്യസ്തരായ ജനപ ദങ്ങളുമായി ഇടപെടേണ്ടതായിവന്നു. ഇതിനെല്ലാം അനുയോജ്യമായി അല്ലാഹുവിങ്കൽ നിന്ന് ലഭിച്ചുകൊണ്ടിരുന്ന സന്ദേശങ്ങളിൽ വിഷയങ്ങൾക്ക് വൈവിധ്യവും വൈശദ്യവും കൂടിക്കൊണ്ടുവരികയും ചെയ്തു. ഇതത്രെ വിശുദ്ധഖുർആനിൽ മക്കാജീവിതഘട്ടത്തി ൻെറ പശ്ചാത്തലം

മൂന്നാം ഘട്ടം

മക്കയിൽ പ്രസ്ഥാനം അതിൻെറ പ്രവർത്തനത്തിൽ മുഴുകി പതിമൂന്ന് കൊല്ലം പിന്നിട്ടുകഴിഞ്ഞിരുന്നു. അപ്പോഴാണതിന് പൊടുന്നനെ മദീനയിൽ ഒരു കേന്ദ്രം കൈവ രുന്നത്. അവിടെ, പ്രസ്ഥാനത്തിന് തദനുയായികളെ അറേബ്യയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും ഏകീകരിച്ച് ഒരിടത്ത് ശക്തി സംഭരിക്കുവാൻ സാധ്യമായി. നബിയും ഭൂരിഭാഗം മുസ്ലിംകളും ഹിജ്റ ചെയ്ത് മദീനയിലെത്തി. പ്രബോധനം, ഇതോടെ മൂന്നാമത്തെ ഘട്ടത്തിൽ പ്രവേശിക്കുകയായി.

സ്ഥിതികളുടെ ചിത്രം ഈ ഘട്ടത്തിൽ പാടെ മാറിക്കഴിഞ്ഞിരുന്നു. മുസ്ലിം സമൂഹം വ്യവസ്ഥാപിതമായി ഒരു രാഷ്ട്രത്തിന്നടിത്തറ പാകുന്നതിൽ വിജയം വരിച്ചിരുന്നു. അജ്ഞതയുടെ ധ്വജവാഹകരുമായി സായുധസംഘട്ടനങ്ങൾ നടന്നു. ജൂതരും ക്രിസ്ത്യാ നികളുമായി ഇടപെടേണ്ടിവന്നു. മുസ്ലിംസംഘടനയുടെ ഉള്ളിൽ തന്നെ പലതരം കപടവിശ്വാസികൾ കടന്നുകൂടുകയും അവരെയും നേരിടേണ്ടിവരികയും ചെയ്തു. അങ്ങനെ പത്തുവർഷത്തെ കഠിന സംഘട്ടനങ്ങൾ തരണംചെയ്ത്

ഒടുവിൽ പ്രസ്ഥാനം വിജയത്തിന്റെ ഒരു ഘട്ടത്തിലെത്തിയപ്പോൾ അറേബ്യ മുഴുക്കെ അതിന്റെ കൊടിക്കൂറയിൽ വന്നുകഴിഞ്ഞിരുന്നു. ഈ ഘട്ടത്തിൽ പ്രസ്ഥാനത്തിന് സവിശേഷമായ ആവശ്യങ്ങ ളുമുണ്ടായി. ഈ ആവശ്യങ്ങൾക്കനുസൃതമായ പ്രഭാഷണങ്ങളാണ് അല്ലാഹു അവതരി പ്പിച്ചുകൊണ്ടിരുന്നത്.

സമൂഹത്തിന്റെ ഘടനയും രാഷ്ട്രത്തിന്റെ നിർമാണവും നാഗരികതയുടെ സംവി ധാനവും ഏതു വിധത്തിൽ വേണം, ജീവിതത്തിന്റെ ബഹുമുഖമായ മേഖലകൾ എന്തെന്തു തത്വങ്ങളിലധിഷ്ഠിതമാകണം, കപടവിശ്വാസികളോടനുവർത്തിക്കേണ്ട നയ മെന്ത്, വേദക്കാരോടുള്ള സമീപനത്തിന്റെ സ്വഭാവമെന്ത്, യുദ്ധാവസ്ഥയിലുള്ള ശത്രുജ നതകളോടും ഉടമ്പടി ചെയ്ത സമുദായങ്ങളോടും എന്ത് നയം കൈക്കൊള്ളണം, സർ വോപരി, വിശ്വാസികളുടെതായ ഈ സന്നദ്ധസംഘം ഭൂലോകത്ത് ജഗന്നിന്താവിന്റെ പ്രതിനിധികളെന്ന നിലക്കുള്ള ബാധ്യതകളുടെ നിർവഹണത്തിന് തങ്ങളെത്തന്നെ എവ്വി ധമെല്ലാം പാകപ്പെടുത്തണം- ഇതെല്ലാമായിരുന്നു ആ പ്രഭാഷണങ്ങളിലെ പ്രമേയങ്ങൾ. അവയിലൂടെ മുസ്‌ലിംകളെ അവശ്യംആവശ്യമായ പരിശീലനമുറകൾ അഭ്യസിപ്പിച്ചു. അവരുടെ വൈകല്യങ്ങളും ദൗർബല്യങ്ങളും ചൂണ്ടിക്കാണിച്ചു. ദൈമാർഗത്തിൽ ജീവ-ധനത്യാഗത്തിന് അവരെ ഉദ്യുക്തരാക്കി. വിജയത്തിലും പരാജയത്തിലും സന്തോഷ ത്തിലും സന്താപത്തിലും സുസ്ഥിതിയിലും ദുഃസ്ഥിതിയിലും സമാധാനാന്തരീക്ഷത്തിലും അടിയന്തരഘട്ടങ്ങളിലും അങ്ങനെ ഭിന്നങ്ങളായ പരിതഃസ്ഥിതികളിൽ അതതിനനുയു ക്തമായ സദാചാരശിക്ഷണങ്ങൾ അവർക്ക് നല്കപ്പെട്ടു.

## പ്രബോധന ഗ്രന്ഥം

ഈ വിവരണത്തിൽനിന്ന് ഖുർആന്റെ അവതരണം ഒരു പ്രബോധനത്തോടൊപ്പം ആരംഭിക്കുകയാണുണ്ടായത് എന്ന വസ്തുത വ്യക്തമാകുന്നുണ്ട്. പ്രബോധനം അതിന്റെ പ്രാരംഭം മുതൽ പരിപൂർണതവരെ ഇരുപത്തിമൂന്ന് സംവൽസരത്തിനകം പിന്നിട്ട ഓരോ ഘട്ടങ്ങളിലും ഉപഘട്ടങ്ങളിലും അവയുടെ ബഹുവിധമായ ആവശ്യങ്ങൾ ക്കനുഗുണമായി ഖുർആന്റെ ഓരോ ഭാഗം അവതീർണമായിക്കൊണ്ടിരുന്നു. ഒരു ആദർശ പ്രബോധകന്റെ പ്രഭാഷണങ്ങളായിരുന്നു അവ. അദ്ദേഹ ത്തിന് ഹൃദയത്തെയും മത്തിഷ്കത്തെയും വിചാരത്തെയും വികാരത്തെയും ഒരേ സമയം വശീകരിക്കേണ്ടതുണ്ടായിരുന്നു. ഭിന്ന രുചികളെയും ഭിന്ന മനസ്സുകളെയും കൈകാര്യം ചെയ്യേണ്ടതുണ്ടായിരുന്നു. പ്രാസ്ഥാനിക പ്രവർത്തനങ്ങൾക്കു മധ്യേ അസംഖ്യം ഭിന്ന പരിതഃസ്ഥിതികളഭിമുഖീകരിക്കേണ്ടതുണ്ടായിരുന്നു. തന്റെ വാദം, സാധ്യമായ എല്ലാ വശങ്ങളിലൂടെയും ജനമനസ്സുകളിൽ പ്രതിഷ്ഠിക്കുക, വിചാരഗതികളിൽ വിപ്ളവാത്മ കമായ മാറ്റം വരുത്തുക, വികാരങ്ങളുടെ വേലിയേറ്റങ്ങൾ സൃഷ്ടിക്കുക പ്രതിപ്രവർത്ത നങ്ങളുടെ നട്ടെല്ലൊടിക്കുക, അനുയായികൾക്ക് സംസ്കരണ പരിശീലനങ്ങൾ നൽ കുക, അവരിൽ ആവേശവും ആത്മധൈര്യവും വളർത്തുക, ശത്രുക്കളെ മിത്രങ്ങളും നിഷേധികളെ വിശ്വാസികളുമാക്കിമാറ്റുക, പ്രതിയോഗികളുടെ വാദമുഖങ്ങളെ തകർക്കു കയും അവരുടെ ധാർമികശക്തി നശിപ്പിക്കുകയും ചെയ്യുക- അങ്ങനെ ഒരാദർശ ത്തിന്റെ പ്രബോധകന്, ഒരു പ്രസ്ഥാനത്തിന്റെ നേതാവിന് അവശ്യം ആവശ്യമായ എല്ലാം അദ്ദേഹത്തിന് ചെയ്യേണ്ടതുണ്ടായിരുന്നു.

## ആവർത്തനം എന്തുകൊണ്ട്?

ഖുർആനിൽ വിഷയങ്ങളുടെ ഇത്രയേറെ ആവർത്തനം എന്തുകൊണ്ടാണെന്ന കാര്യ വും ഇവിടെവെച്ച് നല്ലപോലെ മനസ്സിലാക്കാവുന്നതാണ്. ഒരു പ്രബോധനത്തിന്റെ പ്രവർത്തനനിരതമായ ഒരു പ്രസ്ഥാനത്തിന്റെ സ്വാഭാവികമായ താൽപര്യം അത് ഒരു ഘട്ടത്തെ തരണംചെയ്തുകൊണ്ടിരിക്കെ ആ പ്രത്യേക ഘട്ടവുമായി ബന്ധപ്പെട്ട കാര്യ ങ്ങൾ മാത്രം പരാമർശിക്കുകയെന്നതത്രെ. പ്രസ്ഥാനം ഒരു ഘട്ടത്തെ നേരിടുന്ന കാലമ ത്രയും അതേ ഘട്ടത്തിന്റെ ആവശ്യങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കയല്ലാതെ അനന്തര ഘട്ടങ്ങളിൽ പറയേണ്ട കാര്യങ്ങളെ സ്പർശിക്കുകയില്ല. ഈ പ്രക്രിയയിൽ കുറേ മാസ ങ്ങളോ കുറേയേറെ കൊല്ലങ്ങൾ തന്നെയോ പിന്നിടേണ്ടിവന്നാലും ചെയ്യേണ്ടത് അതു തന്നെ. എന്നാൽ ഓരോതരം കാര്യങ്ങൾ ഓരോ ശൈലിയിലും ഒരേ വാക്യങ്ങളിലുമാ ണാവർത്തിക്കപ്പെടുന്നതെങ്കിൽ കാതുകൾ അവ കേട്ടുകേട്ടു മടുക്കുകയും ആസ്വാദക രിൽ വിരസത ജനിക്കുകയും സ്വാഭാവികമാണ്. അതിനാൽ അതത് ഘട്ടങ്ങളിൽ ആവർ ത്തിച്ചുപറയേണ്ട സംഗതികൾ തന്നെ ഓരോ പ്രാവശ്യവും പുതിയ പുതിയ വാക്യങ്ങ ളിൽ, നവംനവങ്ങളായ ശൈലീവിശേഷങ്ങളിൽ, പുത്തനായ ഹാവഭാവങ്ങളോടെ അവത രിപ്പിക്കേണ്ടതാവശ്യമത്രെ. എങ്കിൽ മാത്രമേ അവ ഏറ്റവും ആകർഷകമായ രീതിയിൽ അനുവാചക ഹൃദയങ്ങളിൽ സ്ഥാനം പിടിക്കുകയും പ്രബോധനം ഓരോ ഘട്ടത്തിലും ദൃഢമായി മുന്നേറുകയും ചെയ്യൂ, അതെസമയം പ്രബോധനത്തിനടിസ്ഥാനമായ ആദർ ശസിദ്ധാന്തങ്ങൾ ആദ്യാവസാനം എല്ലാ ഘട്ടത്തിലും ദൃഷ്ടിപഥത്തിലിരിക്കേണ്ടതും ആ്വ ശ്യമാണ്. അല്ല, ഓരോ ഘട്ടത്തിലും അതാവർത്തിക്കപ്പെട്ടുകൊണ്ടിരിക്കണം. ഈ കാരണ ങ്ങളാൽ ഇസ്‌ലാമികപ്രബോധനത്തിന്റെ ഒരു ഘട്ടത്തിൽ അവതരിച്ച ഖുർആനികാ ധ്യാപനങ്ങളിലെല്ലാം പൊതുവിൽ ഒരേതരം വിഷയങ്ങൾ,

വാക്കുകളും ശൈലികളും മാറി വന്നുകൊണ്ടിരിക്കുന്നതു കാണാം. അതോടൊപ്പം ദൈവത്തിൻെറ ഏകത്വം, ദിവ്യഗു ണങ്ങൾ, മരണാനന്തര ജീവിതം, ദൈവസന്നിധിയിലുള്ള വിചാരണ, രക്ഷാശിക്ഷകൾ, പ്രവാചകദൗത്യം, ദിവ്യഗ്രന്ഥങ്ങളിലുള്ള വിശ്വാസം, ഭക്തി, ക്ഷമ, ദൈവാർപ്പണം തുടങ്ങി പ്രസ്ഥാനത്തിൻെറ ഒരു ഘട്ടത്തിലും അവഗണിക്കാൻ പാടില്ലാത്ത മൗലിക വിഷയങ്ങളാകട്ടെ, ഖുർആനിലുടനീളം ആവർത്തിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഈ മൗലിക വിശ്വാസാദർശങ്ങൾ അല്പമെങ്കിലും ദുർബലമായാൽ പ്രസ്ഥാനം അതിൻെറ ശരിയായ ചൈതന്യത്തോടു കൂടി മുന്നോട്ടു നീങ്ങുക സാധ്യമല്ലെന്നതു തന്നെ കാരണം.

## ക്രോഡീകരണം

ഇരുപത്തിമൂന്നു വർഷത്തിനകം വിശുദ്ധഖുർആൻ അവതരിച്ചുകൊണ്ടിരുന്നത് ഇ സ്ലാമിക പ്രബോധനത്തിൻെറ ആവിർഭാവത്തിൻെറയും വികാസപരിണാമങ്ങളുടെയും ക്രമം ദീക്ഷിച്ചുകൊണ്ടാണ്. ഖുർആനികാധ്യാപനങ്ങളെയും സൂക്തങ്ങളെയും സംബ ന്ധിച്ചിടത്തോളം പ്രബോധനത്തിൻെറ വളർച്ചക്കനുയുക്തമായിരുന്ന വഴിക്കുവഴി ക്രമം പ്രസ്ഥാനം പരിപൂർണത പ്രാപിച്ച ശേഷം ഉചിതമായിരിക്കുകയില്ലെന്ന് അതിനാൽ സ്പ ഷ്ടമാണ്. അനന്തര സ്ഥിതിവിശേഷങ്ങൾക്കനുസൃതമായ മറ്റൊരു ക്രമീകരണമാണ്, പ്രബോധന പരിപൂർത്തിക്കുശേഷം ആവശ്യമായിട്ടുള്ളത്. ഖുർആൻെറ പ്രഥമ സംബോ ധിതർ ഇസ്ലാമിനെക്കുറിച്ച് തീരേ അജ്ഞരായിരുന്ന ജനമായതുകൊണ്ട് പ്രാരംഭ ബിന്ദുവിൽനിന്നുതന്നെ അധ്യാപനം തുടങ്ങേണ്ടതുണ്ടായിരുന്നു.

വിശുദ്ധഖുർആൻ എവ്വിധമുള്ള ഗ്രന്ഥമാണെന്ന് സുഗ്രാഹ്യമായിക്കഴിഞ്ഞാൽ, ഓരോ വിഷയം ഓരോ സ്ഥലത്തായി സ്വരൂപിക്കുകയെന്നതും അതിൻെറ പ്രകൃതിയുമായി പൊരുത്തപ്പെടുന്നതല്ലെന്ന് സ്വയം വ്യക്തമാകുന്നതാണ്. മദീനാകാലത്തെ പ്രതിപാദന ങ്ങൾ മക്കാജീവിതാധ്യാപനങ്ങൾക്ക് മധ്യേയും മക്കാകാലത്തെ പ്രതിപാദനങ്ങൾ മദീനാ അധ്യാപനങ്ങൾക്ക് മധ്യേയും പ്രാരംഭകാല പ്രഭാഷണങ്ങൾ പിൽക്കാല പ്രബോധനങ്ങൾ ക്ക് നടുവിലും മറിച്ചും മാറിമാറി വന്നുകൊണ്ടിരിക്കണമെന്നാണ് ഖുർആൻെറ പ്രകൃതി ആവശ്യപ്പെടുന്നത്. അങ്ങനെ സമ്പൂർണ ഇസ്ലാമിൻെറ സമഗ്രമായൊരു ചിത്രം അനു വാചക ദൃഷ്ടിയിൽ തെളിഞ്ഞുവരണം.

ഇനി, ഖുർആൻ അവതരണക്രമത്തിൽ ക്രോഡീകരിക്കുകയെന്നുവെച്ചാൽ തന്നെയും പിൽക്കാലത്തെ ജനങ്ങൾക്കത് പ്രയോജനപ്രദമായിത്തീരണമെങ്കിൽ ഓരോ സൂക്തവും അവതരിച്ച കാലവും തീയതിയും അവതരണ പശ്ചാത്തലവും പരിതഃസ്ഥിതിയും രേഖപ്പെടുത്തി, ഖുർആൻെറ അഭേദ്യമായ ഒരനുബന്ധമായി പ്രസിദ്ധീകരിക്കേണ്ടിവരുമാ യിരുന്നു. ഇതാകട്ടെ, ദിവ്യവചനങ്ങളുടെ ഒരു സമാഹാരം എന്നേക്കുമായി ക്രോഡീക രിച്ചു സുരക്ഷിതമാക്കിവെച്ചതുകൊണ്ട് അല്ലാഹു ഉദ്ദേശിച്ചതെന്തോ അതിനു തന്നെ വിരുദ്ധമായിട്ടുള്ളതാണ്. അന്യവചനങ്ങളുടെ യാതൊരു കലർപ്പും പങ്കാളിത്തവുമില്ലാതെ ദിവ്യവചനങ്ങൾ തനതായ സംക്ഷിപ്ത രൂപത്തിൽ ക്രോഡീകരിക്കപ്പെടണമെന്നാണ് അല്ലാഹു ഉദ്ദേശിച്ചിരുന്നത്. ആബാലവൃദ്ധം ജനങ്ങൾ, സ്ത്രീകളും പുരുഷന്മാരും നാഗരി കരും ഗ്രാമീണരും പണ്ഡിതനും പാമരനുമെല്ലാം അത് വായിക്കണം, എല്ലാ കാലത്തും എല്ലാതരം പരിതഃസ്ഥിതികളിലും അത് വായിക്കപ്പെടണം. ധൈഷണികമായും വൈ ജ്ഞാനികമായും ഭിന്ന വിതാനങ്ങളിലുള്ള മനുഷ്യർ, തങ്ങളിൽനിന്ന് ദൈവം എന്താഗ്ര ഹിക്കുന്നു, എന്താഗ്രഹിക്കുന്നില്ല എന്നെങ്കിലും അതു മുഖേന അറിഞ്ഞിരിക്കണം. ഇതാ യിരുന്നു അല്ലാഹുവിൻെറ ഇംഗിതം.

ഖുർആൻെറ വഴിക്കുവഴി ക്രമത്തെ സംബന്ധിച്ചിടത്തോളം വായനക്കാർ അറിഞ്ഞിരി ക്കേണ്ട മറ്റൊരു വസ്തുത, പിൽക്കാലക്കാരല്ല അതിൻെറ കർത്താക്കളെന്നതാണ്. പ്രത്യുത, നബി തന്നെയാണ് അല്ലാഹുവിൻെറ നിർദ്ദേശപ്രകാരം ഖുർആൻ ഇന്നത്തെ രൂപത്തിൽ ക്രോഡീകരിച്ചിട്ടുള്ളത്. ഒരധ്യായം അവതരിക്കുമ്പോൾ തിരുമേനി തൻെറ എഴുത്തുകാരിലൊരാളെ വിളിച്ച് അപ്പോൾതന്നെ അത് എഴുതിവെപ്പിക്കുകയും ഇന്ന അധ്യായം ഇന്ന അധ്യായത്തിൻെറ പുറകിൽ, അല്ലെങ്കിൽ മുന്നിൽ ചേർക്കണമെന്ന് നിർദ്ദേശിക്കുകയും പതിവായിരുന്നു. ഒരു സ്വതന്ത്ര അധ്യായമായിരിക്കാൻ ഉദ്ദേശിക്ക പ്പെടാത്ത വല്ല ഭാഗവുമാണവതരിക്കുന്നതെങ്കിൽ അത് ഇന്ന അധ്യായത്തിൽ ഇന്ന സ്ഥ ലത്ത് രേഖപ്പെടുത്തണമെന്നും അവിടന്ന് നിർദ്ദേശം നൽകുന്നു. അനന്തരം, ആ ക്രമമ നുസരിച്ച് തിരുമേനി തന്നെ നമസ്കാരത്തിലും മറ്റു സന്ദർഭങ്ങളിലും പാരായണം ചെയ്യുകയും ഹൃദിസ്ഥമാക്കുകയും ചെയ്യുന്നു. ഇതായിരുന്നു ഖുർആൻെറ ക്രോഡീകര ണത്തിനു സ്വീകരിച്ചുവന്ന സമ്പ്രദായം.

## ഖുർആൻെറ ഗ്രന്ഥാവിഷ്കരണം

മുസ്ലിംകൾക്ക് പ്രാരംഭഘട്ടത്തിൽ തന്നെ നമസ്കാരം നിർബന്ധമാക്കപ്പെട്ടിരുന്നു. ഖുർആൻ പാരായണം നമസ്കാരത്തിൻെറ ഒരു അവശ്യഘടകമായും നിശ്ചയിച്ചിരുന്നു. തന്നിമിത്തം ഖുർആൻെറ അവതരണത്തിനൊപ്പം അത് മനഃപാഠമാക്കുന്ന പതിവും മുസ്ലിംകളിൽ നടപ്പിൽവന്നു. ഓരോ ഭാഗം

അവതരിക്കും തോറും അവരത് ഹൃദിസ്ഥ മാക്കി. അങ്ങനെ, നബിതിരുമേനി തൻെറ എഴുത്തുകാരെക്കൊണ്ട് ഖുർആൻ രേഖ പ്പെടുത്തിവെപ്പിച്ചിരുന്ന ഈത്തപ്പനമട്ടലുകളിലും എല്ലിൻകഷണങ്ങളിലും തോൽതുണ്ടു കളിലും പരിമിതമായില്ല അതിൻെറ സുരക്ഷിതത്വം. പ്രത്യുത, അതവതരിച്ചുകൊണ്ടിരി ക്കെത്തന്നെ ദശക്കണക്കിലും ശതക്കണക്കിലും തുടർന്ന് ആയിരക്കണക്കിലും ലക്ഷക്കണ ക്കിലും മനുഷ്യഹൃദയങ്ങളിൽ ആമുദ്രിതമായി.

നബിയുടെ വിയോഗാനന്തരം അറേബ്യയിൽ മതംമാറ്റക്കുഴപ്പം തലപൊക്കുകയും അതിനെ നേരിടാനുള്ള യത്നത്തിൽ അവിടത്തെ സഖാക്കൾക്ക് രക്തരൂഷിത പോരാട്ട ങ്ങൾ നടത്തേണ്ടിവരികയും ചെയ്തപ്പോൾ ഖുർആൻ ആദ്യാന്തം മനഃപാഠമാക്കിയിരുന്ന ഒട്ടേറെ പേർ പോർക്കളത്തിൽ രക്തസാക്ഷികളായി. ഇതെതുടർന്ന്, ഖുർആൻെറ സംരക്ഷണത്തിന് ഏക മാർഗം ആശ്രയിക്കുന്നത് യുക്തമല്ലെന്നും ഹൃദയഫലകങ്ങ ളിലെന്നപോലെ ഗ്രന്ഥത്താളുകളിലും അതെഴുതി സൂക്ഷിക്കുവാൻ ഏർപ്പാട് ചെയ്യണമെ ന്നും രണ്ടാം ഖലീഫ ഉമർ ചിന്തിച്ചുറച്ചു. ഈ കാര്യം ഒന്നാം ഖലീഫ അബൂബക്റിനോട് വിശദീകരിച്ചപ്പോൾ അല്പം ആലോചിച്ച ശേഷം അദ്ദേഹവും അതിനോട് യോജിക്കു കയും നബിയുടെ സെക്രട്ടറിയായിരുന്ന സൈദുബ്നു സാബിതിനെ ഈ സേവനത്തിന് നിയോഗിക്കുകയും ചെയ്തു.

നബി ലിഖിതരൂപത്തിൽ വിട്ടേച്ചുപോയ ഖുർആൻെറ എല്ലാ ഭാഗങ്ങളും ശേഖരി ക്കുക, അദ്ദേഹത്തിൻെറ അനുചരരിൽ  ആരുടെയെല്ലാം പക്കൽ ദിവ്യഗ്രന്ഥം മുഴുവനു മോ ഭാഗികമായോ എഴുതിവെക്കപ്പെട്ടതായുണ്ടോ അതും കരസ്ഥമാക്കുക, ഖുർആൻ ഹൃദിസ്ഥമാക്കിയവരുടെ സഹകരണം തേടുകയും ചെയ്യുക. ഈ മൂന്ന് മാധ്യമങ്ങ ളുടെയും സംയുക്തമായ സാക്ഷ്യത്താൽ പരിപൂർണ സുബദ്ധത ഉറപ്പുവരുത്തിയ ശേഷം ഖുർആൻെറ ഓരോ വാക്കും സനിഷ്കർഷം രേഖപ്പെടുത്തുക- ഇതായിരുന്നു നിശ്ചിത വ്യവസ്ഥ. ഇതുപ്രകാരം ഖുർആൻെറ ഒരു കോപ്പി എഴുതി തയാറാക്കി നബിയുടെ പത്നി ഹഫ്സയുടെ പക്കൽ സൂക്ഷിക്കാൻ ഏല്പിച്ചു. പ്രസ്തുത കോപ്പി പകർത്തു വാനും തങ്ങളുടെ കൈവശമുള്ള കോപ്പികൾ അതുമായി ഒത്തുനോക്കി ശരിപ്പെടുത്തു വാനും ജനങ്ങൾക്ക് പൊതു അനുവാദം നൽകുകയും ചെയ്തു.

അറേബ്യയിൽ എല്ലായിടത്തും അറബി തന്നെയായിരുന്നു ഭാഷയെങ്കിലും വിവിധ പ്രദേശങ്ങളുടെയും ഗോത്രങ്ങളുടെയും സംസാരഭാഷകളിൽ അല്പസ്വൽപ വ്യത്യാസങ്ങ ളുണ്ടായിരുന്നു. മക്കയിൽ ഖുറൈശികൾ സംസാരിച്ചുവന്ന ഭാഷയിലായിരുന്നു ഖുർആൻ അവതരിച്ചതെങ്കിലും ഇതര പ്രദേശക്കാർക്കും ഗോത്രക്കാർക്കും അവരവരുടെ ഉച്ചാര ണവും പ്രയോഗരീതികളുമനുസരിച്ച് അത് വായിച്ചുകൊൾവാൻ ആദ്യത്തിൽ അനുവാദം നല്കപ്പെട്ടിരുന്നു. എന്നാൽ അചിരേണ ഇസ്ലാമിന് പ്രചാരം ലഭിച്ചുവന്നപ്പോൾ പൂർവ സ്ഥിതി തുടരുന്നത് അനാശാസ്യമായി തോന്നി. അതിനാൽ ഒന്നാം ഖലീഫ അബൂബ ക്റിൻെറ നിർദ്ദേശപ്രകാരം ആധികാരികമായി രേഖപ്പെടുത്തിയ ഖുർആൻെറ അംഗീ കൃത കോപ്പിയുടെ ശരിപ്പകർപ്പുകൾ മാത്രമേ ഇസ്ലാമിക രാഷ്ട്രത്തിനുള്ളിൽ എവിടെ യും പ്രസിദ്ധീകരിക്കാൻ പാടുള്ളൂവെന്നും ഉച്ചാരണഭേദത്തോടെ എഴുതപ്പെട്ട എല്ലാ കോപ്പികളുടെയും പ്രസാധനം നിരോധിക്കണമെന്നും മൂന്നാം ഖലീഫ ഉസ്മാൻ പ്രമുഖ രുമായി കൂടിയാലോചിച്ച് തീരുമാനിക്കുകയുണ്ടായി.

ഉസ്മാൻ ഔദ്യോഗിക തലത്തിൽ പകർത്തി തയാറാക്കിയ, അബൂബക്റിൻെറ ആധി കാരിക കോപ്പിയുമായി പ്രത്യക്ഷരം യോജിച്ചവയത്രെ ഇന്ന് നിലവിലുള്ള ഖുർആൻ. ലോകത്തിൻെറ പല ഭാഗങ്ങളിൽ പ്രസ്തുത ആധികാരിക കോപ്പികൾ ഇന്നും സ്ഥിതി ചെയ്യുന്നുണ്ട്. ഖുർആൻെറ സുരക്ഷിതത്വത്തിൽ ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ സംശയനിവൃത്തി വരുത്തുക സുസാധ്യമാണ്.

പഠന രീതി

ഒരാൾ ഈ ഗ്രന്ഥം മനസ്സിലാക്കാൻ യഥാർഥത്തിൽ ആഗ്രഹിക്കുന്നുവെങ്കിൽ ആദ്യ മായി ചെയ്യേണ്ടത് നേരത്തെ രൂപീകൃതമായ ധാരണകളിൽനിന്നും സിദ്ധാന്തങ്ങളിൽ നിന്നും അനുകൂലമോ പ്രതികൂലമോ ആയ താൽപര്യങ്ങളിൽനിന്നും മനസ്സിനെ സാധ്യമാ കുന്നിടത്തോളം മുക്തമാക്കുകയും ഗ്രഹിക്കാനുദ്ദേശിച്ചു മാത്രം തുറന്ന ഹൃദയത്തോടെ പഠനം ആരംഭിക്കുകയുമാണ്.

ഖുർആനിൽ സാമാന്യജ്ഞാനം മാത്രമേ ഒരാൾക്ക് ഉദ്ദേശ്യമുള്ളുവെങ്കിൽ ഒരാവർത്തി വായിച്ചാൽ മതിയെന്നുവരാം. എന്നാൽ ആ ഗ്രന്ഥത്തിൻെറ ആഴങ്ങളിലേക്കിറങ്ങിച്ചെല്ലാ നാഗ്രഹിക്കുന്നവർ രണ്ടോ നാലോ തവണ വായിച്ചാലും മതിയാകുന്നതല്ല. പല പ്രാവ ശ്യം, ഓരോ പ്രാവശ്യവും ഓരോ പ്രത്യേക രീതിയിൽ, വായിക്കേണ്ടതുണ്ട്. ഒരു വിദ്യാർ ഥിയെപ്പോലെ പേനയും നോട്ട്ബുക്കും കൈയിൽ കരുതി ആവശ്യമായ പോയിൻറുകൾ കുറിച്ചെടുക്കുകയും വേണം. ഇപ്രകാരം വായിക്കാൻ സന്നദ്ധതയുള്ളവർ, ഖുർആൻ ഉന്നയിക്കുന്ന ചിന്താ-കർമ പദ്ധതിയെക്കുറിച്ച പൊതുവായൊരു വീക്ഷണം ഉദ്ദേശിച്ചു കൊണ്ടു

മാത്രം രണ്ടു തവണയെങ്കിലും ആദ്യന്തം വായിച്ചുനോക്കേണ്ടതാണ്. ഈ പ്രാരംഭ പഠനമദ്ധ്യേ ഖുർആൻെറ സമ്പൂർണ ചിത്രം സമഗ്രമായൊന്നു നിരീക്ഷിക്കു വാനും അതുന്നയിക്കുന്ന മൗലികസിദ്ധാന്തങ്ങൾ എന്തെല്ലാമാണെന്ന് കാണുവാനും അവ യിൽ പ്രതിഷ്ഠിതമാകുന്ന ജീവിതവ്യവസ്ഥിതിയുടെ സ്വഭാവമെന്തെന്ന് മനസ്സിലാക്കു വാനും ശ്രദ്ധിക്കേണ്ടതാണ്. ഇതിനിടയിൽ വല്ലേടത്തും വല്ല ചോദ്യവും മനസ്സിലുദിക്കു ന്നപക്ഷം അതെപ്പറ്റി അപ്പോൾ തന്നെ ധൃതിപ്പെട്ട് ഒരു തീരുമാനമെടുക്കാതെ, അത് കുറിച്ചുവെക്കുകയും ക്ഷമാപൂർവം വായന തുടരുകയും ചെയ്യുക. തീർച്ചയായും മു ന്നോട്ടെവിടെയെങ്കിലും അതിനുള്ള മറുപടി ലഭിക്കുവാനാണ് സാധ്യത. മറുപടി ലഭിച്ചു കഴിഞ്ഞാൽ ചോദ്യത്തോടൊപ്പം അതും രേഖപ്പെടുത്തിവെക്കുക. അഥവാ, പ്രഥമ വായ നയിൽ തൻെറ ചോദ്യത്തിനുത്തരം ലഭിച്ചില്ലെങ്കിൽ ക്ഷമാപൂർവം രണ്ടാമതും വായിക്കുക.

മാനുഷ്യകത്തിനു മാർഗദർശകം

ഖുർആൻ അഖില മനുഷ്യരുടെയും മാർഗദർശനത്തിനായി വന്നതാണെന്ന അതി ൻെറ അവകാശവാദം സുവിദിതമാണ്. എന്നാൽ അവതരണ കാലഘട്ടത്തിലെ അറബി കളോടാണ് ഏറിയകൂറും അതിൻെറ സംബോധനയെന്നത്രെ, ഖുർആൻ വായിച്ചുനോ ക്കുന്ന ഒരാൾക്ക് കാണുവാൻ കഴിയുക. ചിലപ്പോഴൊക്കെ അത് മാനവകുലത്തെ പൊതുവായി ആഹ്വാനം ചെയ്യുന്നുവെങ്കിലും അറബികളുടെ അഭിരുചികളും ആചാരവി ചാരങ്ങളുമായി, അറേബ്യയുടെ അന്തരീക്ഷവും ചരിത്രപശ്ചാത്തലവുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് ഖുർആൻെറ പ്രതിപാദനങ്ങളിലധികവും.

കേവലം വിമർശിക്കാൻ വേണ്ടി വിമർശിക്കുന്നവരുടെ കാര്യമിരിക്കട്ടെ പ്രശ്നം യഥാർത്ഥമായും മനസ്സിലാക്കാനുദ്ദേശിക്കുന്നവരോട് പറയാനുള്ളത് ആദ്യമായി ഖുർ ആൻ ഒന്നുകൂടെ വായിച്ചുനോക്കണമെന്നാണ്. അറബികൾക്ക് പ്രത്യേകമെന്നോ സ്ഥല കാല പരിസ്ഥിതികൾകൊണ്ട് പരിമിതമെന്നോ സത്യത്തിൽ തോന്നാവുന്ന വല്ല ആദർശ സിദ്ധാന്തവും ഖുർആൻ ഉന്നയിച്ചിട്ടുണ്ടങ്കിൽ അതത് സ്ഥാനങ്ങളിൽ അതെല്ലാമൊന്ന് അടയാളപ്പെടുത്തട്ടെ.

ഒരു പ്രത്യേക ഭൂഭാഗത്തിലെയും കാലഘട്ടത്തിലെയും ജനങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് അവരുടെ ബഹുദൈവത്വപരമായ വിശ്വാസാചാരങ്ങളെ ഖണ്ഡിക്കുന്നു വെന്നതും, ന്യയസമർത്ഥനത്തിന് അവർക്ക് ചുറ്റിലുള്ള വസ്തുതകളവലംബിച്ചുകൊണ്ട് ഏകദൈവത്തെ സ്ഥാപിക്കുന്നുവെന്നതും ഖുർആൻെറ സന്ദേശം കാലികമോ പ്രാദേശി കമോ ആണെന്ന് വിധികൽപിക്കാൻ മതിയായ കാരണങ്ങളല്ല. പരിഗണനീയമായ വസ് തുത ഇതാണ്: ബഹുദൈവത്വപരമായ ഖണ്ഡനമായി ഖുർആൻ ഉന്നയിക്കുന്ന കാര്യങ്ങൾ അറേബ്യൻ ബഹുദൈവാരാധകരുടെയെന്ന പോലെ ലോകത്തിലെ മറ്റേതൊരു ബഹുദൈവത്വവിശ്വാസത്തിനും തുല്യമായ നിലയിൽ ബാധകമാവുന്നില്ലേ? അതേ തെളി വുകൾ എല്ലാ കാലത്തും ദേശത്തുമുള്ള ബഹുദൈവാരാധകരുടെ ആദർശ സംസ്കരണ ത്തിനായി ഉപയോഗപ്പെടുത്തുക സാധ്യമല്ലേ? അപ്രകാരംതന്നെ ഏകദൈവത്വ സ്ഥാപന ത്തിനു ഖുർആൻ സമർപ്പിച്ച ന്യായങ്ങൾ സ്ഥലകാലപരമായ ചില്ലറ നീക്കുപോക്കുകളോടെ എല്ലാ കാലദേശങ്ങളിലും പ്രയോജനപ്രദമല്ലേ? അതേ എന്നാണ് മറുപടി യെങ്കിൽ ഒരു പ്രത്യേക കാലഘട്ടത്തിൽ ഒരു പ്രത്യേക സമുദായത്തെ അഭിമുഖീകരിച്ച് ഉന്നീതമായി എന്നതുകൊണ്ട് മാത്രം ഒരു സർവ്വലൗകിക സന്ദേശത്തെ കാലികവും പ്രാദേശികവുമായി മുദ്രകുത്താൻ യാതൊരു ന്യായീകരണവുമില്ല.

ചിന്താപരവും ധാർമികവും നാഗരികവുമായ ഒരു പ്രസ്ഥാനത്തെ രാഷ്ട്രാന്തരീയ നിലവാരത്തിൽ പ്രചരിപ്പിക്കുക ലക്ഷ്യമാണെങ്കിൽ തുടക്കത്തിൽ തന്നെ പ്രസ്ഥാനത്തെ തികച്ചും രാഷ്ട്രാന്തരീകരിക്കാൻ ശ്രമിച്ചുകൊള്ളണമെന്ന് യാതൊരു നിർബന്ധവുമില്ല, അതു ഫലപ്രദവുമല്ല എന്നതാണ് പരമാർത്ഥം. മാനവജീവിതവ്യവസ്ഥ പ്രസ്ഥാന ത്തിൻെറ ജന്മഭൂമിയിൽതന്നെ പൂർണശക്തിയോടെ സമർപ്പിക്കുകയാണ് യഥാർത്ഥത്തിൽ ഏറ്റവും ശരിയായ മാർഗ്ഗം. ആരുടെ ഭാഷയും ആചാരവിചാരങ്ങളും സ്വഭാവചര്യ കളുമായി പ്രസ്ഥാന നായകൻ ഇഴുകിച്ചേർന്നിരിക്കുന്നുവോ ആ ജനതയുടെ മനസ്സിൽ അതിനെ കരുപ്പിടിപ്പിക്കുകയെന്നതാവണം അയാളുടെ പ്രഥമ പ്രവർത്തനം. അങ്ങനെ തൻെറ സിദ്ധാന്തങ്ങൾ സ്വന്തം നാട്ടിൽ പ്രാവർത്തികമാക്കുകയും തദടിസ്ഥാനത്തിൽ ഒരു ജീവിതവ്യവസ്ഥ വിജയകരമായി കെട്ടിപ്പടുക്കുകയും ചെയ്യുക വഴി ലോകത്തിൻെറ മുമ്പിൽ ഒരു മാതൃക സമർപ്പിക്കുകയാണ് കരണീയമായിട്ടുള്ളത്. അപ്പോൾ അന്യ രാജ്യങ്ങളും ജനങ്ങളും അങ്ങോട്ട് ശ്രദ്ധതിരിക്കുന്നതും ചിന്താശീലരായ ആളുകൾ മുന്നോട്ട് വന്ന് പ്രസ്ഥാനത്തെ മനസ്സിലാക്കാനും അവരുടെ നാടുകളിൽ അതിനെ നടപ്പിൽ വരുത്താനും ശ്രമിക്കുന്നതുമാണ്. മാറിക്കൊണ്ടിരിക്കുന്ന എല്ലാ പരിതോവസ്ഥകൾക്കും അനുയോജ്യമായിരിക്കും ഒരു ശാശ്വതിക വ്യവസ്ഥയുടെ സിദ്ധാന്തങ്ങൾ. ഈ പ്രത്യേകതകൾ കണക്കിലെടുത്ത് ഖുർആൻ ഒരാവർത്തി വായിച്ചു നോക്കുക. എന്നിട്ട് അതുന്നയിച്ച ജീവിതവ്യവസ്ത കാലികമോ ദേശീയമോ സാമുദായികമോ ആണെന്ന സങ്കൽപത്തിന് വാസ്തവികമായ വല്ല അടിസ്ഥാനവും കണ്ടെ ത്താൻ കഴിയുമോ എന്ന് ശ്രദ്ധാപൂർവം ഒന്ന് ശ്രമിച്ചു നേക്കുക.

വിശദാംശങ്ങളുടെ ഗ്രന്ഥമല്ല.

ഖുർആനെപ്പറ്റി, അതൊരു സവിസ്തരമായ സാന്മാർഗിക പുസ്തകവും നിയമ സംഹിതയുമാണെന്ന് ഒരു ശരാശരി വായനക്കാരൻ നേരത്തെ ധരിച്ചുവെച്ചിരിക്കും. പക്ഷേ, അയാളത് വായിച്ചുനോക്കുമ്പോൾ സാമൂഹിക-നാഗരിക-രാഷ്ട്രീയ സാമ്പത്തി കാദി ജീവിത മേഖലകളെക്കുറിച്ച സുവിശദമായ നിയമാവലികൾ അതിൽ കാണുന്നി ല്ലെന്നു മാത്രമല്ല ഖുർആൻ ആവർത്തിച്ച് ഊന്നുന്ന നമസ്കാരം, സകാത്ത് (നിർബന്ധ ദാനം) മുതലായ നിർബന്ധ കർമ്മങ്ങളെക്കുറിച്ച് പോലും ആവശ്യമായ വിശദാംശങ്ങ ളുടെ ഒരു നിയമാവലി അതു സമർപ്പിച്ചിട്ടില്ലന്നതാണ് വസ്തുത. ഇതും വായനക്കാ രൻെറ മനസ്സിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നു. ഖുർആൻ ഏതർത്ഥത്തിലുള്ള സ ന്മാർഗ്ഗ ഗ്രന്ഥമാണന്ന് അയാൾ ചിന്തിച്ചുപോകുന്നു.

ഖുർആൻ ശാഖോപശാഖകളുടെ ഗ്രന്ഥമല്ല. മൗലിക തത്വങ്ങളുടെ ഗ്രന്ഥമാണ്. ഇസ്ലാമികവ്യവസ്ഥിയുടെ ധൈഷണികവും ധാർമിക വുമായ അടിത്തറകളെ പൂർണ വ്യക്തതയോടെ ഉന്നയിക്കുകയും ബുദ്ധിപരമായ സമർ ത്ഥനം കൊണ്ടും വൈകാരികസമീപനംകൊണ്ടും അവയെ മേൽക്കുമേൽ ഭദ്രമാക്കുക യുമാണ് അതിൻെറ സാക്ഷാൽ കൃത്യം. അതിനപ്പുറം ഇസ്ലാമിക ജീവിതത്തിൻെറ പ്രായോഗിക രൂപത്തെ സംബന്ധിച്ചിടത്തോളം ഖുർആൻ നൽകുന്ന മാർഗ്ഗദർശനം ഓരോ ജീവിതവശത്തേയും പറ്റി സവിസ്തരം നിയമച്ചട്ടങ്ങൾ പഠിപ്പിച്ചുകൊണ്ടല്ല, പ്രത്യുത, ജീവിതത്തിൻെറ ഓരോ മേഖലയുടെ നാലതിരുകൾ നിർണ്ണയിക്കുകയും പല പ്രത്യേക സ്ഥാനങ്ങളിൽ പ്രകടമാംവണ്ണം നാഴികക്കല്ലുകൾ സ്ഥാപിക്കുകയും ചെയ്തു കൊണ്ട് ആ ജീവിതമേഖലകൾ ദൈവഹിതാനുസാരം എങ്ങനെ സംവിധാനിക്കപ്പെട ണമെന്ന് നിർദേശിച്ചു തരികയാണത് ചെയ്യുന്നത്. ഈ നിർദേശാനുസൃതമായി ഇസ്ലാ മിക ജീവിതത്തിന് പ്രാവർത്തികരൂപം നൽകുക പ്രവാചകൻെറ കർത്തവ്യമായിരുന്നു. അതായത് ഖുർആൻ അവതരിപ്പിച്ച മൗലിക തത്വങ്ങളെ പ്രയോഗവൽക്കരിച്ചുകൊണ്ട് വൈയക്തിക സ്വഭാവചര്യകളുടെയും സാമൂഹിക രാഷ്ട്രീയ സംവിധാനത്തിൻെറയും സമൂർത്ത മാതൃകകൾ സമർപ്പിക്കുകയായിരുന്നു പ്രവാചകൻെറ ദൗത്യം. അതിനു വേണ്ടിയായിരുന്നു അവിടന്ന് നിയോഗിതനായതുതന്നെ.

വ്യാഖ്യാന ഭേദങ്ങൾ

ഖുർആനെസ്സംബധിച്ച് പൊതുവെ ജനമനസ്സിൽ തറച്ചുനിൽക്കുന്ന മറ്റൊരു ചോദ്യ മിതാണ്: ദൈവിക ഗ്രന്ഥത്തിൻെറ ആവിർഭാവത്തിനുശേഷം ഭിന്നിപ്പിലും കക്ഷിമാത്സ ര്യത്തിലും പെട്ടിരിക്കുന്നവരെയും സ്വമതത്തെ തുണ്ടംതുണ്ടമാക്കിയവരെയും ഖുർആൻ അതികഠിനമായി ഭർത്സിക്കുന്നുണ്ട്. അതേസമയം ഖുർആനിക നിയമങ്ങളുടെ തന്നെ വ്യാഖ്യാനങ്ങളിൽ സാരമായ അഭിപ്രയഭിന്നതകൾ കാണപ്പെടുകയും ചെയ്യുന്നു.

ദീനിൽ യോജിച്ചവരും ഇസ്ലാമിക സംഘടനയിൽ ഒന്നിച്ചവരുമായിരിക്കെ, കേവലം നിയമവിധികളുടെ വ്യാഖ്യാനങ്ങളിൽ സത്യസന്ധമായ ഗവേഷണ ഫലമായുണ്ടാകുന്ന ആരോഗ്യകരമായ ആഭിപ്രായഭിന്നതകൾക്ക് ഖുർആൻ ഒരിക്കലും എതിരല്ല. മറിച്ച് വക്രവീക്ഷണത്തിൽനിന്നുയിർക്കൊണ്ടതും കക്ഷിമാത്സര്യത്തി ലേക്ക് നയിക്കുന്നതുമായ സ്വേഛാപ്രേരിതമായ ഭിന്നിപ്പിനെയാണത് ഭർത്സിക്കുന്നത്. ഈ രണ്ടു തരം ഭിന്നതകൾ അതതിൻെറ സ്വഭാവത്തിൽ വ്യത്യസ്തമായതുപോലെ അന ന്തരഫലങ്ങളെ വിലയിരുത്തുമ്പോഴും അവ തമ്മിൽ തീരെ സാമ്യതയില്ല. അതുകൊണ്ടു തന്നെ അവയെ ഒരേ മാനദണ്ഡംകൊണ്ട് അളക്കാനും പാടുള്ളതല്ല. ആദ്യം പറഞ്ഞ ഭിന്നത ഉൽഗമനത്തിൻെറ അന്തസ്സത്തയും ചലനബദ്ധമായ ജീവിതത്തിൻെറ ചൈതന്യ വുമാണ്. പ്രത്യുൽപന്നമതികളും പ്രതിഭാശാലികളുമടങ്ങിയ ഏത് സമൂഹത്തിലും അതു ണ്ടാകും. പക്ഷേ, അങ്ങനെയല്ല രണ്ടാമതു പറഞ്ഞ ഭിന്നത. അത് ഏതൊരു ജനവിഭാഗ ത്തിൽ തലപൊക്കിയിട്ടുണ്ടെങ്കിലും അവരെ ശിഥിലമാക്കിക്കളഞ്ഞിട്ടുണ്ട്. അത്തരം ഭിന്നത കൾ ആരോഗ്യത്തിൻെറ ലക്ഷണങ്ങളല്ല. രോഗലക്ഷണങ്ങളാണ്. അതിൻെറ പ്രത്യാഘാത ങ്ങൾ ഒരു സമുദായത്തിനും ഗുണപ്രദമായിരിക്കുകയുമില്ല. ഈ വിവിധമായ ഭിന്നതക ളുടെ അന്തരം വ്യക്തമായി മനസ്സിലാക്കപ്പെടെണ്ടതാണ്.

ഭിന്നത രണ്ടുവിധം

ഈ വിഷയകമായി സംഭവ്യമായ രണ്ട് രൂപങ്ങളിൽ ഒന്ന് ഇതാണ്.

ദൈവത്തിന്നും, ദൈവദൂതന്നുമുള്ള അനുസരണത്തിൽ സമുദായംഗങ്ങളെല്ലാം ഏകാഭിപ്രായക്കാ രായിരിക്കുന്നു, നിയമങ്ങൾക്ക് അടിസ്ഥാനങ്ങളായി ഖുർആനും സുന്നത്തും സർവസമ്മതമായി

അംഗീകരക്കപ്പെട്ടിരിക്കുന്നു. അനന്തരം ഏതെങ്കിലുമൊരു ശാഖാപ്രശ് നത്തിന്റെ പഠന നിരീക്ഷണത്തിൽ രണ്ടു പണ്ഡിതന്മാർ അഥവാ ഒരു കേസ്സിന്റെ വിധിയിൽ രണ്ടു ന്യായാധിപന്മാർ പരസ്പരം വിയോജിക്കന്നു. പക്ഷേ, അവരിലൊരാളും തന്നെ ആ പ്രശ്നത്തെയും തൽസംബന്ധമായ തന്റെ അഭിപ്രായത്തെയും ദീനിന്റെ അടിസ്ഥാനമായി വ്യാഖ്യാനിക്കുകയോ തന്നോട് വിയോജിക്കുന്നവർ ദീനിൽനിന്ന് പുറ ത്താണെന്ന് ധരിക്കുകയോ ചെയ്യുന്നില്ല. രണ്ടുപേരും അവരവരുടെ തെളിവുകൾ സമർ പ്പിച്ചുകൊണ്ട് തങ്ങളെ സംബന്ധിച്ചേടത്തോളം ഗവേഷണബാധ്യത നിറവേറ്റുന്നുവെന്നു മാത്രം. രണ്ടിൽ ഏതഭിപ്രായം സ്വീകരിക്കണം അഥവാ രണ്ടും സ്വീകാര്യമാണോ എന്ന പ്രശ്നം പൊതുജന ഹിതത്തിന്, കോടതിക്കാര്യമാണങ്കിൽ നാട്ടിലെ അന്തിമ നീതിപീ ഠത്തിനും സാമൂഹിക പ്രശ്നമാണങ്കിൽ സംഘടനക്കും വിട്ടുകൊടുക്കുകയും ചെയ്യുന്നു.

ദീനിന്റെ അടിസ്ഥാനങ്ങളിൽതന്നെ അഭിപ്രായഭിന്നത പ്രകടമാക്കുകയത്രെ രണ്ടാ മത്തെ രൂപം. അല്ലെങ്കിൽ അല്ലാഹുവും റസൂലും ദീനിന്റെ അടിസ്ഥാനമായി അംഗീകരി ച്ചിട്ടില്ലാത്ത ഒരു പ്രശ്നത്തിൽ ഏതെങ്കിലും പണ്ഡിതനോ ഗവേഷകനോ ന്യായപ്രമാ ണകനോ തർക്കശാസ്ത്രകാരനോ വിദ്യാർഥിയോ നേതാവോ ലീഡറോ ഒരഭിപ്രായം സ്വീകരിക്കുകയും അതിനെ അനാവശ്യമായി വലിച്ചുനീട്ടി ദീനിന്റെ മൗലികപ്രശ്നമാ ക്കുകയും ചെയ്യുക. അതിലദ്ദേഹത്തോട് വിയോജിക്കുന്നവരെ മതഭ്രഷ്ടരും സമുദായ ഭ്രഷ്ടരുമായി മുദ്രകുത്തുകയും തന്നോട് കൂറുള്ളവരുടെ ഒരു സംഘം രൂപീകരിച്ച് ഇവ രാണ് സാക്ഷാൾ മുസ്ലിംസമുദായമെന്നും മറ്റുള്ളവരെല്ലാം നരക പാപികളാണെന്നും വാദിക്കുകയും മുസ്ലിമാണങ്കിൽ ഈ സംഘത്തിൽ വന്നുകൊള്ളണമെന്നും അല്ലാത്തവ രൊന്നും മുസ്ലിമല്ലെന്ന് ഘോഷിക്കുകയും ചെയ്യുക!

എവിടെയൊക്കെ ഖുർആൻ ഭിന്നതയെയും കക്ഷിമാത്സര്യത്തെയും എതിർത്തിട്ടു ണ്ടോ അവിടെയൊക്കെ ഈ രണ്ടാമത്തെ ഭിന്നതയാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആദ്യം പറഞ്ഞ ഭിന്നതകളാവട്ടെ പ്രവാചകന്റെ സന്നിധിയിൽതന്നെ അതിന്റെ ഒട്ടേറെ ഉദാഹരണ ങ്ങൾ വന്നിരുന്നതുമാണ്. തിരുമേനി അതിനെ അനുവദിക്കുകയുണ്ടായെന്ന് മാത്രമല്ല അനുമോദിക്കുക കൂടി ചെയ്തു. കാരണം, സമുദായത്തിൽ ചിന്താശക്തിയും ഗവേഷ ണ തൃഷ്ണയും പഠനപാടവവും ഉണ്ടെന്നതാണത് കുറിക്കുന്നത്. സമുദായത്തിലെ ബുദ്ധിജീവികൾക്ക് തങ്ങളുടെ ദീനിലും ദീനിന്റെ നിയമങ്ങളിലും താൽപര്യമുണ്ടെന്ന് അത് തെളിയിക്കുന്നു. ജീവിത പ്രശ്നങ്ങളുടെ പരിഹാരം ദീനിന്നകത്തുതന്നെ കണ്ടെ ത്താൻ അവരുടെ ബുദ്ധിശക്തി ശ്രമിക്കുന്നതിന്റെ ലക്ഷണമാണത്. അങ്ങനെ അടി സ്ഥാനങ്ങളിൽ യോജിക്കുക വഴി സമുദായത്തിന്റെ ഏകീഭാവം നിലനിർത്തുകയും അതെ സമയം ന്യായമായ പരിധിക്കുള്ളിൽ പണ്ഡിതന്മാർക്കും ചിന്തകന്മാർക്കും ഗവേ ഷണ സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് പുരോഗതിക്കുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുകയെന്ന വിലപ്പെട്ട തത്വം സമുദായം പൊതുവെ അംഗീകരിക്കുന്നു.